പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1988 — 12-02-2013 ൽ മറുപടിക്ക്

## മദ്യ നയത്തിൽ മാറ്റം വരുത്തുന്നതിന് കമ്മീഷൻ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി:<br>" കെ. എം. ഷാജി:<br>" കെ. എൻ. എ. ഖാദർ: | | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) | മദ്യനയത്തിൽ മാറ്റം ഉണ്ടാകേണ്ടതിന്റെ ആവശ്യകത ബോദ്ധ്യപ്പെട്ടിട്ടുണ്ടോ; ഇതിനായി കമ്മീഷനെ നിയോഗിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | അബ്കാരി നയത്തിൽ വരുത്തേണ്ട ഭേദഗതികളെക്കുറിച്ച് പഠിക്കുന്നതിന്, 23-01-2013 -ലെ ജി.ഒ. (എം.എസ്)12/13/റ്റിഡി നമ്പർ ഉത്തരവ് പ്രകാരം, റിട്ട. ഹൈക്കോടതി ജഡ്ജി ശ്രീ. എം. രാമചന്ദ്രനെ ഏകാംഗ കമ്മീഷനായി സർക്കാർ നിയമിച്ചിട്ടുണ്ട്. |
| (ബി) | കമ്മീഷന്റെ പരിശോധനാ വിഷയങ്ങൾ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | കമ്മീഷന്റെ പരിശോധനാ വിഷയങ്ങൾ സംബന്ധിച്ച് അന്തിമ തീരുമാനമെടുത്തിട്ടില്ല. |
| (സി) | മദ്യനിരോധനം പരിഗണനയിലുണ്ടോ? | (സി) | ശക്തമായ ബോധവത്കരണത്തിലൂന്നി, ഘട്ടം ഘട്ടമായുള്ള മദ്യവർജ്ജനമാണ് സർക്കാർ ലക്ഷ്യമിടുന്നത്. |

സെക്ഷൻ ആഫീസർ